MONDAY

16/12/2024

തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Nizam S A** **Editor : Dr. Binu Harriet Ivan**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 16/12/2024

1. ഉത്തരമേഖലാ കാർഷിക ഗവേഷണ കേന്ദ്രം 2025 ജനുവരി 1 മുതൽ 20 വരെ നടത്തുന്ന ഫാം കാർണിവലിൽ വിവിധ വിഷയങ്ങളിൽ പരിശീലന സെമിനാറുകൾ നടത്തുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ 8075659289 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. കേരള കാർഷിക സർവകലാശാല, വെള്ളാനിക്കര ഇൻസ്ട്രക്ഷണൽ ഫാമിൽ WCT നാടൻ തെങ്ങിൻ തൈകൾ വില്പനയ്ക്ക് തയ്യാറായിട്ടുണ്ട്. വില ഒന്നിന് 120 രൂപ. ഫോൺ നമ്പർ 0487-2961457.

3. തിരുവനന്തപുരം ജില്ലയിൽ 2023-24 വർഷത്തിൽ മികച്ച ജന്തുക്ഷേമ പ്രവർത്തനങ്ങൾ നടത്തിയ വ്യക്തി / സംഘടനയ്ക്ക് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ജില്ലാ തലത്തിൽ തെരെഞ്ഞെടുത്ത് പുരസ്ക്കാരം നൽകുന്നു. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച വ്യക്തികൾ, രജിസ്ട്രേർഡ് സംഘടനകൾ എന്നിവർക്ക് അപേക്ഷിക്കാം. നിശ്ചിത മാതൃകയിലുള്ള പൂരിപ്പിച്ച അപേക്ഷകളും ബന്ധപ്പെട്ട രേഖകളും പ്രവർത്തനങ്ങളുടെ വിവരങ്ങൾ സഹിതം 2024 ഡിസംബർ മാസം ഇരുപത്തിമൂന്നാം തീയതിയ്ക്കുകകം തിരുവനന്തപുരം ജില്ല വെറ്ററിനറി കേന്ദ്രത്തിൽ സമർപ്പിക്കണം. കഴിഞ്ഞ അഞ്ചു വർഷത്തിൽ അവാർഡ് ലഭിച്ചവരെ ഈ വർഷം അവാർഡിനായി പരിഗണിക്കുന്നതല്ല. തെരെഞ്ഞെടുക്കുന്നവർക്ക് 10000/- രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും നൽകുന്നതാണ്. അപേക്ഷ ബന്ധപ്പെട്ട വെറ്ററിനറി ഡോക്ടറുടെ ശുപാർശ സഹിതം സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫാറത്തിന് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടണമെന്ന് ചീഫ് വെറ്ററിനറി ഓഫീസർ അറിയിച്ചു.

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

4. നാളികേരത്തിന്റെ വിളവെടുപ്പിനും, പരിചരണത്തിനുമായി നാളികേര വികസന ബോർഡ് ആരംഭിച്ച തെങ്ങിന്റെ ചങ്ങാതിക്കൂട്ടം ഹലോ നാരിയൽ കോൾ സെൻററിലേയ്ക്ക് വിളിച്ച് കേര കർഷകർക്ക് തെങ്ങിന്റെ ചങ്ങാതിമാരെ ലഭ്യമാക്കാം. സേവനം ലഭ്യമാകുന്നതിനായി തിങ്കൾ മുതൽ വെള്ളി വരെ രാവിലെ 9.30 മുതൽ വൈകിട്ട് 5 മണി വരെ 9447175999 എന്ന നമ്പറിലേയ്ക്ക് വിളിക്കുകയോ, വാട്സ്ആപ്പ് സന്ദേശം അയക്കുകയോ ചെയ്യാവുന്നതാണ്. ഇതുവരെ 985 ചങ്ങാതിമാരാണ് കോൾ സെൻററിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. അതാത് ജില്ലകളിൽ ബ്ലോക്ക് ഗ്രാമപഞ്ചായത്ത് തലത്തിലാണ് ചങ്ങാതിമാരുടെ സേവനം ലഭ്യമാക്കുന്നത്. വിളവെടുപ്പ്, തെങ്ങിൻറെ മണ്ട വൃത്തിയാക്കൽ, മരുന്നു തളിയ്ക്കൽ, രോഗകീട നിയന്ത്രണം, കൃത്രിമ പരാഗണം തുടങ്ങിയ സേവനങ്ങൾ ഈ പദ്ധതിയിലൂടെ കേര കർഷകർക്ക് പ്രയോജനപ്പെടുത്താം. കർമ്മനിരത രായി സേവനം ചെയ്യാൻ തയ്യാറായിട്ടുള്ള തെങ്ങ് കയറ്റക്കാർക്കും, തെങ്ങിൻറെ ചങ്ങാതിമാർക്കും കോൾ സെന്ററിൽ പേര് രജിസ്റ്റർ ചെയ്യാം.

5. സംസ്ഥാനത്തെ കർഷകരുടെ പരിതഃസ്ഥിതി സാഹചര്യം, വരുമാനം എത്രമാത്രം മെച്ചപ്പെട്ടിട്ടുണ്ടെന്ന് കണക്കാക്കുന്നതിനായി കൃഷി വകുപ്പും സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പും സംയുക്തമായി നടത്തുന്ന Situation Assessment Survey on Agricultural Households in Kerala: 2024-25' എന്ന സർവേ 2024 നവംബർ മാസം ഒന്നാം തീയതി മുതൽ ആരംഭിച്ചിട്ടുണ്ട്. ഡിസംബർ മാസത്തോടെ വിവരശേഖരണം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.കേരളത്തിലെ ഗ്രാമീണ മേഖലയിൽ നിന്നും തിരഞ്ഞെടുത്ത 152 സാമ്പിൾ വാർഡുകളിൽ രണ്ടു ഘട്ടങ്ങളിലായി നടത്തുന്ന ഈ സർവേയിൽ പൂർണമായും ശാസ്ത്രീയ മാർഗങ്ങളിലൂടെ തിരഞ്ഞെടുത്ത കർഷക - കുടുംബങ്ങളിൽ നിന്നുമാണ് വിവരങ്ങൾ ശേഖരിക്കുന്നത്. പ്രത്യേകം തയ്യാറാക്കിയ

ഫോറങ്ങളിലൂടെ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലേയും കൃഷി വകുപ്പിലേയും ഉദ്യോഗസ്ഥരാണ് വിവരശേഖരണം നടത്തുന്നത്. അതിനാൽ വിവരശേഖരണത്തിനായി സമീപിക്കുന്ന ഉദ്യോഗസ്ഥർക്ക് കൃത്യമായ വിവരങ്ങൾ നൽകേണ്ടതാണ്.

6. തിരുവനന്തപുരം' കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിൽ, 2025 വർഷത്തെ പാൽകാർഡ് വിതരണം സംബന്ധിച്ചു നടക്കുന്ന നറുക്കെടുപ്പ് 16/12/2024 - തിങ്കളാഴ്ച രാവിലെ 11 മണിക്ക്തിരുവനന്തപുരം ജില്ലാ മൃഗസംരക്ഷണ ഓഫീസറുടെ നേതൃത്വത്തിൽ നടത്തുന്നു. നറുക്കെടുപ്പിൽ പങ്കെടുക്കുന്ന അപേക്ഷകർ അന്നേ ദിവസം 11 മണിക്ക് മുമ്പായി ഓഫീസ് അങ്കണത്തിൽ ഹാജരാകേിതാണ്.നറുക്കെടുപ്പിൽ വിജയിക്കുന്നവർ ഡിസംബർ 17, 18, 19, 20, 21, 23 തീയതികളിൽ, നറുക്കുവീണ നമ്പർ ക്രമപ്രകാരം, 2025 ജനുവരി മാസത്തെ പുതിയ പാൽകാർഡ് എടുക്കുന്നതിനായി ഹാജരാകേണ്ടതാണ്. അപേക്ഷകൻ തന്നെ സ്വയം, അസ്സൽ റേഷൻകാർഡും, ആധാറും സഹിതം രാവിലെ 11 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെയും, ഉച്ചയ്ക്ക് 2 മണി മുതൽ 3 മണി വരെയും ഹാജരാകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**പരിശീലന പരിപാടി**

7. റബ്ബർതോട്ടങ്ങളിലെ ഇടവിളക്കൃഷിയിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഓൺലൈൻ പരിശീലനം നടത്തുന്നു. 2024 ഡിസംബർ 30-ന് രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12.30 വരെയാണ് പരിശീലനം. പരിശീലനമാധ്യമം മലയാളം ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9495928077 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടുക.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം